ഉത്തരം

(എ) ക്രൈം ബ്രാഞ്ച് അന്വേഷിച്ചു വരുന്നു.

(ബി) ശരിയായ രീതിയിൽ കേസന്വേഷണം നടത്താത്തതിന് കേസ് അന്വേഷിച്ച എ.എസ്.ഐ. ക്കെതിരെ നടപടി എടുത്തിട്ടുണ്ട്. റിപ്പോർട്ടിൽ തിരിമറി കാണിച്ചതിലേയ്ക്ക് ആരേയും ശിക്ഷിച്ചിട്ടില്ല.

(സി) കേസന്വേഷണം നടത്തിയ എസ്.ഐ. പ്രഭാകരന്റേയും എ.എസ്.ഐ. നൈനാന്റേയും 6 മാസത്തെ വാർഷിക വേതന വർദ്ധനവ് തടഞ്ഞു വച്ചു.

(ഡി) കേസ് അന്വേഷണാവസ്ഥയിലാണ്.

(ഇ) അന്വേഷണം ഊർജ്ജിതമായി നടന്നുവരുന്നു.

കൊലപാതകങ്ങൾ

119 (120) ശ്രീ. പി. പി. തങ്കച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര കൊലപാതകങ്ങൾ നടന്നു;

(ബി) ഇവയിൽ രാഷ്ട്രീയ കൊലപാതകങ്ങൾ എത്ര; മറ്റു കൊലപാതകങ്ങൾ എത്ര;

(സി) വിദ്യാർത്ഥി കൊലപാതകങ്ങൾ എത്ര;

(ഡി) രാഷ്ട്രീയ കൊലപാതകങ്ങളിൽ വധിക്കപ്പെട്ടവരാരെല്ലാം; അവരുടെ രാഷ്ട്രീയ ബന്ധം എന്തായിരുന്നു; അവരുടെ കൊലപാതകികൾ ആരെല്ലാമായിരുന്നു; അവരുടെ രാഷ്ട്രീയ ബന്ധം എന്താണ്;

(ഇ) വിദ്യാർത്ഥി കൊലപാതകത്തിൽ കൊല്ലപ്പെട്ടവർ ആരെല്ലാം; അവരുടെ രാഷ്ട്രീയ ബന്ധം എന്താണ്; വിദ്യാർത്ഥികളുടെ കൊലപാതകികൾ ആരാണ്; അവരുടെ രാഷ്ട്രീയ ബന്ധം എന്താണ്; ഏതെല്ലാം രാഷ്ട്രീയ വിദ്യാർത്ഥി കൊലപാതകങ്ങൾ സംബന്ധിച്ച പ്രതികളെ ഇതുവരെ അറസ്റ്റു ചെയ്തു; ഇനി ഈ ഗണത്തിൽപ്പെട്ട എത്ര പ്രതികളെ അറസ്റ്റ് ചെയ്യാനുണ്ട്;

(എഫ്) ഈ കാലഘട്ടത്തിൽ നടന്ന എത്ര രാഷ്ട്രീയ വിദ്യാർത്ഥി കൊലപാതകം സംബന്ധിച്ച കേസുകൾ ചാർജ് ചെയ്തു; ഏതെല്ലാം കേസുകളാണ് ചാർജ് ചെയ്തത്; ഇനി ഏതെല്ലാം കേസുകളാണ് ചാർജ്ജ് ചെയ്യാനുള്ളത്; ചാർജ്ജ് ചെയ്യപ്പെട്ട ഓരോ രാഷ്ട്രീയ കൊലപാതകങ്ങൾ സംബന്ധിച്ച കേസുകളിലേയും പ്രതികൾ ഏതെല്ലാം രാഷ്ട്രീയ കക്ഷികളിൽപ്പെട്ടവരാണ്; ചാർജ്ജ് ചെയ്യാത്ത ഓരോ കൊലപാതകവും സംബന്ധിച്ച കേസുകളിലെ പ്രതികൾ ഏത് രാഷ്ട്രീയ കക്ഷികളിൽപ്പെട്ടവരോ അവരുടെ അനുഭാവികളോ ആണ് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2175.

(ബി) 67 രാഷ്ട്രീയ കൊലപാതകങ്ങൾ 2108 മറ്റ് കൊലപാതകങ്ങൾ.

(സി) ആറ് രാഷ്ട്രീയ വിദ്യാർത്ഥി കൊലപാതകങ്ങൾ.

(ഡി) വിശദ വിവരം ശേഖരിച്ചു നൽകുന്നതാണ്

(ഇ) വിശദ വിവരം ശേഖരിച്ചു നൽകുന്നതാണ്.

(എഫ്) ചാർജ് ചെയ്ത കേസുകൾ.

1. പുളിക്കീഴ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 154/96-പ്രതികൾ എസ്.എഫ്.ഐ.വിദ്യാർത്ഥികൾ. പ്രതികളെ കോടതി വെറുതെ വിട്ടു.
2. ചങ്ങനാശ്ശേരി പോലീസ് ക്രൈം നമ്പർ 217/97 പ്രതികൾ എസ്.എഫ്.ഐ. പ്രവർത്തകർ. കേസ് വിചാരണയിലാണ്.
3. പാറശ്ശാല പോലീസ് ക്രൈം നം. 128 /99-പ്രതികൾ എസ്.എഫ്.ഐ./ ഡി.വൈ.എഫ്.ഐ. പ്രവർത്തകർ.

ചാർജ്ജ് ചെയ്യാത്ത കേസ്

കഴക്കൂട്ടം പോലീസ് ക്രൈം നമ്പർ 217/97-പ്രതികൾ ആർ.എസ്.എസ./ എ.ബി.വി.പി. പ്രവർത്തകർ. കേസ് അന്വേഷണാവസ്ഥയിലാണ്.

പോലീസ് വെടിവയ്പ്

120 (121) ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാദാപുരത്തിന് സമീപം പാറക്കടവ്, ചെക്യാട്, താഹക്കോട്ടൂർ, കേയംപ്രം, ചെറ്റക്കാണ്ടി, താനി, ഉമ്മത്തൂർ മുതലായ സ്ഥലങ്ങളിലും അവയുടെ പരിസര പ്രദേശങ്ങളിലും 2001 ജനുവരി 10 മുതൽ 20 വരെ ഉള്ള തീയതികളിൽ പോലീസ് എത്ര പ്രാവശ്യം വെടി വച്ചു ;

(ബി) ഏതു രാഷ്ട്രീയ കക്ഷിയുടെ അംഗങ്ങളോ അനുഭാവികളോ അക്രമം നടത്തുമ്പോഴാണ് പോലീസ് മുകളിലേയ്ക്ക് വെടി വച്ചത് ;

(സി) ഈ തീയതികൾക്കിടയിൽ പ്രസ്തുത സ്ഥലങ്ങളിലും അവയുടെ പരിസര പ്രദേശത്തും എത്രപേർ കൊല്ലപ്പെട്ടു ;

(ഡി) എത്രപേർക്ക് പരിക്കേറ്റു ; എത്ര ബോംബ് സ്ഫോടനങ്ങളുണ്ടായി ;

(ഇ) എത്ര വീടുകൾ ആക്രമിക്കപ്പെടുകയോ കത്തിക്കപ്പെടുകയോ ചെയ്തു ;

(എഫ്) എത്ര വീടുകളിൽ കൊള്ള നടന്നു ; എത്ര വാഹനങ്ങൾ കത്തിക്കുകയോ തകർക്കപ്പെടുകയോ ചെയ്തു ;

LIBRARY ARCHIVES Kerala Legislative Assembly